"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കശുവണ്ടി വ്യവസായം - ശ്രീ അലക്സാണ്ടർ എ., IAS (Rtd) -നെ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (സി.എം.ഡി) തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.618/2026/ID തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-

1. സ.ഉ. (സാധാ.) നം. 2683/2026/GAD തീയതി 30/05/2026.
2. കേരള കാഷ്യൂ ബോർഡ് സി.എം.ഡി -യുടെ 02/06/2026 തീയതിയിലെ KCB/2/2017/CMD നമ്പർ കത്ത്.

**ഉത്തരവ്**

കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (സി.എം.ഡി) ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ അലക്സാണ്ടർ എ., IAS (Rtd) -നെ പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ബഹു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ നിയമിച്ച് സർക്കാർ ഉത്തരവായ സാഹചര്യത്തിൽ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ സി.എം.ഡി തസ്തികയിൽ നിന്നും വിടുതൽ നൽകണമെന്ന് പരാമർശം കത്ത് പ്രകാരം ശ്രീ അലക്സാണ്ടർ എ., IAS (Rtd) അഭ്യർത്ഥിച്ചിരുന്നു.

2) മേൽ സാഹചര്യം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ അലക്സാണ്ടർ എ., IAS (Rtd)-നെ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (സി.എം.ഡി) തസ്തികയിൽ നിന്നും 03/06/2026 FN പ്രാബല്യത്തിൽ വിടുതൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടറുടെയും ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെയും അധിക ചുമതല തുടർ ഉത്തരവ് ഉണ്ടാകുന്നതുവരെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ സുനിൽ ജോൺ നിർവ്വഹിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്.
ശ്രീ അലക്സാണ്ടർ എ., IAS (Rtd), കെ.എൻ.ആർ.എ - 94, കമലേശ്വരം, മണക്കാട്, തിരുവനന്തപുരം.
ശ്രീ സുനിൽ ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, I&PRD, തിരുവനന്തപുരം.

കരുതൽ ഫയൽ (ഫയൽ നം. കെ2/47/2026/വ്യവ.)

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
Date: 04-06-2026 10:44:02

സെക്ഷൻ ഓഫീസർ

**<u>പകർപ്പ്:-</u>** ബഹു. വനം-വന്യജീവി, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ -യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-06-2026

ഇനം നം : 42

**O.A.**

വിഷയം : വ്യവസായ വകുപ്പ് - കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആയി ശ്രീ. ജി. ഉണ്ണികൃഷ്ണൻ-നെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, വ്യവസായ (കാഷ്യൂ) വകുപ്പ്.

ഒ.എ 42

17.06.2026

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള കാഷ്യു ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ആയി ശ്രീ.ജി.ഉണ്ണികൃഷ്ണനെ നിയമിക്കുന്ന കാര്യത്തിൽ ആണ് തീരുമാനമെടുക്കേണ്ടത്. ടിയാന് വിജിലൻസ് ക്ലിയറൻസും ഫൈനാന്സ് ക്ലിയറൻസും ഉള്ളതാണ്.

## തീരുമാനിക്കേണ്ട വിഷയം

കേരള കാഷ്യു ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ആയിട്ട് ശ്രീ.ജി.ഉണ്ണികൃഷ്ണനെ നിയമിക്കാമോ ?